# സൂറ – 28 / അൽ ഖസ്വസ്വ്

### സൂക്തം: 23 – 25

അന്യ പുരുഷന്മാരോടൊപ്പം ജോലി ചെയ്യേണ്ടിവരുന്ന വനിതകൾ മാന്യമായി വസ്ത്രം ധരിച്ച് ശരീരത്തിന്റെ മാദക ഭാഗങ്ങൾ മറയ്ക്കുകയും അന്യ പുരുഷന്മാരുമായി കൂടിക്കലരാതെ മാന്യമായ അകലം പാലിക്കുകയും വേണം. മാന്യമായ അകലത്തിന്റെ അളവും മാനദണ്ഡവും തൊഴിലിന്റെ സ്വഭാവവും സാഹചര്യവും പരിഗണിച്ചാണ് നിശ്ചയിക്കേണ്ടത്. അടക്കവും ഒതുക്കവുമില്ലാതെ പുരുഷന്മാർക്കിടയിൽ വിഹരിക്കുന്നത് അനാശാസ്യമാണ്.



وَلَمَّا وَرَدَ مَاءَ مَدْيَنَ وَجَدَ عَلَيْهِ أُمَّةً مِّنَ النَّاسِ يَسْقُونَ وَوَجَدَ مِن دُونِهِمُ امْرَأَتَيْنِ تَذُودَانِ ۖ قَالَ مَا خَطْبُكُمَا ۖ قَالَتَا لَا نَسْقِي حَتَّىٰ يُصْدِرَ الرِّعَاءُ ۖ وَأَبُونَا شَيْخٌ كَبِيرٌ ﴿٢٣﴾

23. മൂസാ മദ്‌യൻകാരുടെ കിണററിങ്കലെത്തിയപ്പോൾ കാലികൾക്ക് വെള്ളം കൊടുക്കുന്ന ഒരുകൂട്ടം ആളുകളെ കണ്ടു. അവരിൽനിന്ന് അകന്നുമാറി തങ്ങളുടെ കാലികളെ കിണറ്റുകരയിലേക്കു വിടാതെ തടഞ്ഞുനിർത്തുന്ന രണ്ടു സ്ത്രീകളെയും കണ്ടു. മൂസാ എന്താണ് നിങ്ങളുടെ പ്രശ്നമെന്ന് അവരോട് അന്വേഷിച്ചു. അവർ പറഞ്ഞു: ഈ ഇടയന്മാർ സ്ഥലം വിടുന്നതുവരെ ഞങ്ങളുടെ കാലികൾക്ക് വെള്ളം കൊടുക്കാനാകുന്നില്ല. ഞങ്ങളുടെ പിതാവാകട്ടെ മഹാ വൃദ്ധനാകുന്നു.

فَسَقَىٰ لَهُمَا ثُمَّ تَوَلَّىٰ إِلَى الظِّلِّ فَقَالَ رَبِّ إِنِّي لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ ﴿٢٤﴾

24. ഇതുകേട്ട് മൂസാ അവരുടെ കാലികളെ കൊണ്ടുപോയി വെള്ളം കുടിപ്പിച്ചുകൊടുത്തു. അനന്തരം ഒരു തണലിലേക്കു പിന്മാറി. എന്നിട്ട് പ്രാർഥിച്ചു: എന്റെ നാഥാ, നീ ഇറക്കിത്തരുന്ന ഏതു നന്മയും എനിക്കിപ്പോൾ അത്യാവശ്യമാകുന്നു.

**23,24**

وَلَمَّا وَرَدَ مَاءَ مَدْيَنَ = അദ്ദേഹം മദ്‌യന്റെ വെള്ളത്തിൽ വന്നപ്പോൾ (മദ്‌യൻകാരുടെ കിണററിങ്കലെത്തിയപ്പോൾ)

وَجَدَ عَلَيْهِ = അ(വിടെ)തിന്മേൽ കണ്ടു أُمَّةً مِّنَ النَّاسِ = ജനങ്ങളിൽനിന്ന് ഒരു സമുദായത്തെ(ഒരുകൂട്ടം ആളുകളെ)

يَسْقُونَ = അവർ കുടിപ്പിക്കുന്നു (കാലികൾക്ക് വെള്ളം കൊടുക്കുന്നു)

وَوَجَدَ مِن دُونِهِمُ = അവർക്കു പിന്നിൽ (അവരിൽനിന്ന് അകന്നുമാറിയിട്ടു) കണ്ടു امْرَأَتَيْنِ = രണ്ടു സ്ത്രീകളെ(യും)

تَذُودَانِ = തടയുന്ന (തങ്ങളുടെ കാലികളെ കിണറ്റുകരയിലേക്ക് വിടാതെ തടഞ്ഞുനിർത്തുന്ന)

قَالَ = അദ്ദേഹം പറഞ്ഞു (മൂസാ അവരോട് അന്വേഷിച്ചു) مَا خَطْبُكُمَا = എന്താണ് നിങ്ങളുടെ കാര്യം, സംഭവം, പ്രശ്നം

قَالَتَا = അവരിരുവരും പറഞ്ഞു

لَا نَسْقِي = ഞങ്ങൾ കുടിപ്പിക്കുന്നില്ല (ഞങ്ങളുടെ കാലികൾക്ക് വെള്ളം കൊടുക്കാനാകുന്നില്ല)

حَتَّىٰ يُصْدِرَ الرِّعَاءُ = ഈ ഇടയന്മാർ പുറപ്പെടു(സ്ഥലം വിടു)ന്നതുവരെ

وَأَبُونَا = ഞങ്ങളുടെ പിതാവ് (ആകട്ടെ) شَيْخٌ كَبِيرٌ = മഹാ വൃദ്ധനാകുന്നു

فَسَقَىٰ لَهُمَا = അപ്പോൾ അവൻ അവർക്കുവേണ്ടി കുടിപ്പിച്ചു (ഇതുകേട്ട് മൂസാ അവരുടെ കാലികളെ കൊണ്ടുപോയി വെള്ളം കുടിപ്പിച്ചുകൊടുത്തു)

ثُمَّ تَوَلَّىٰ = പിന്നെ പിന്മാറി إِلَى الظِّلِّ = ആ (ഒരു) തണലിലേക്ക് فَقَالَ =(എന്നിട്ടു പ്രാർഥിച്ചു) അദ്ദേഹം പറഞ്ഞു
رَبِّ = എന്റെ നാഥാ إِنِّي = ഞാൻ (ഇപ്പോൾ)
لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ = (നീ ഇറക്കിത്തരുന്ന ഏതു നന്മയും) നന്മയിൽനിന്ന് നീ എന്നിലേക്ക് ഇറക്കിത്തരുന്നതിന്
فَقِيرٌ = (ഇപ്പോൾ അത്യാവശ്യമാകുന്നു) ആവശ്യക്കാരനാകുന്നു

مَاءَ മദ്‌യനിന്റെ വെള്ളമെന്നാണ്. مَاءَ مَدْيَنَ-ന്റെ ഭാഷാർഥം മദ്‌യനിന്റെ വെള്ളമെന്നാണ്. مَاءَ -നെ ദേശത്തോടോ ഗോത്രത്തോടോ ചേർത്തു പറയുമ്പോൾ ഉദ്ദേശ്യം ആ ദേശത്തെ അല്ലെങ്കിൽ ഗോത്രത്തിന്റെ മുഖ്യ ജലസ്രോതസ്സാണ്. അത് അരുവിയാകാം, തടാകമാകാം, കിണറാകാം. അറബി ഗോത്രങ്ങളും ദേശങ്ങളും അവരുടെ ജലസ്രോതസ്സിനെ ജാഗ്രതയോടെ സംരക്ഷിച്ചിരുന്നു. മറ്റുള്ളവർ അത് സ്വതന്ത്രമായി ഉപയോഗിക്കാനോ അതിന്മേൽ അവകാശമുന്നയിക്കാനോ അനുവദിക്കപ്പെട്ടിരുന്നില്ല. ദേശത്തെ ആളുകൾ ഒത്തുകൂടുന്ന സ്ഥലവും കൂടിയായിരുന്നു നാട്ടുകിണറുകൾ. മൂസാ (അ) മിദ്യാൻ കിണറിനടുത്തെത്തിയത് യാദൃഛികമായിട്ടായിരിക്കണമെന്നില്ല. കുറേ നാട്ടുകാരെ ഒരുമിച്ചു കണ്ടുമുട്ടാൻ കഴിയുന്ന സ്ഥലം എന്ന നിലയിൽ അന്വേഷിച്ചു ചെന്നെത്തിയതുമാകാം. അദ്ദേഹം വളരെ അവശനായിരുന്നു. ഈജിപ്തിൽനിന്ന് എട്ടു ദിവസത്തെ സഞ്ചാരദൂരമുണ്ട് മിദ്യാനിലേക്ക്. പാഥേയങ്ങളൊന്നുമില്ലാതെ നഗ്നപാദനായിട്ടായിരുന്നു യാത്ര. വിശപ്പും ക്ഷീണവും അസഹ്യമായിരുന്നു. മിദ്യാനിലെ കിണറിനടുത്ത് ഒരു മരത്തണലിൽ അദ്ദേഹം ഇരിപ്പുറപ്പിച്ചു. ഇടയന്മാർ കൂട്ടം കൂട്ടമായി വന്ന് കാലികളെ വെള്ളം കുടിപ്പിക്കുന്നു. ആരും തന്നെ ശ്രദ്ധിക്കുന്നില്ല. കിണറിനും ഇടയ കൂട്ടങ്ങൾക്കും കുറച്ചപ്പുറത്ത് രണ്ട് യുവതികൾ കുറേ കാലികളുമായി നിൽക്കുന്നുണ്ട്. യുവതികൾ അവയെ തടഞ്ഞുനിർത്തുകയാണ്. ആ യുവതികളെ എന്തോ പ്രശ്നം അലട്ടുന്നതായി മൂസാ (അ) അവരുടെ മുഖത്തുനിന്ന് വായിച്ചെടുത്തു. അദ്ദേഹം അവരുടെ അടുത്തു ചെന്ന് എന്താണ് കാര്യമെന്നന്വേഷിച്ചു. خَطْبُكُمَا എന്നാണ് മൂലവാക്യം. ഗൗരവമുള്ള കാര്യത്തിനും സംഭവത്തിനും വർത്തമാനത്തിനുമൊക്കെയാണ് خَطب എന്നു പറയുക. ആ സ്ത്രീകൾ പറഞ്ഞു: ഈ ഇടയന്മാർ അവരുടെ കാലികളെയും കൊണ്ട് സ്ഥലം വിടുന്നതുവരെ ഞങ്ങൾക്ക് ഞങ്ങളുടെ കാലികളെ വെള്ളം കുടിപ്പിക്കാൻ കഴിയുന്നില്ല. പെണ്ണുങ്ങളായ ഞങ്ങൾക്ക് അവരുടെ ഇടയിൽ ചെന്ന് തിക്കിത്തിരക്കാൻ പറ്റില്ലല്ലോ. ഞങ്ങളുടെ വീട്ടിലാണെങ്കിൽ ഇതൊക്കെ ചെയ്യാൻ ആണുങ്ങളുമില്ല. ഉള്ളത് ഞങ്ങളുടെ പിതാവ് മാത്രമാണ്. അദ്ദേഹമാകട്ടെ മഹാ വൃദ്ധനായിക്കഴിഞ്ഞിരിക്കുന്നു. وَرَدَ (വെള്ളത്തിലേക്കു വന്നു)യുടെ വിപരീതമാണ് صَدَر (വെള്ളം കുടിച്ചു തിരിച്ചുപോയി). വെള്ളവുമായി ബന്ധമില്ലാത്ത വരവിനും പോക്കിനും കൂടി صَدَر-യും وَرَدَ-യും ഉപയോഗിക്കാറുണ്ട്. കുടിക്കുന്നതിനും കുടിപ്പിക്കുന്നതിനും سقى എന്നു പറയും. ഇവിടെ കുടിപ്പിച്ചുവെന്നാണർഥം. ആ രണ്ടു പെൺകുട്ടികൾക്കു വേണ്ടി മൂസാ (അ) അവരുടെ കാലികളെ വെള്ളം കുടിപ്പിച്ചു എന്നാണ് فَسَقَىٰ لَهُمَا എന്ന വാക്യത്തിന്റെ താൽപര്യം. അവർ അദ്ദേഹത്തിനു നന്ദി പറഞ്ഞ് കാലികളുമായി തിരിച്ചുപോയി. മൂസാ (അ) ആകട്ടെ നേരത്തേ ഇരുന്ന മരത്തണലിൽതന്നെ ചെന്നിരുന്നു. തന്റെ അവശതക്കോ നിസ്സഹായതക്കോ നേരിയൊരു പരിഹാരം പോലും മുന്നിലെങ്ങും തെളിയുന്നില്ല. ചുറ്റിലും ഊഷരമായ ശൂന്യത മാത്രം. ഇനി എന്തു ചെയ്യണം, എങ്ങോട്ടു പോകണം- ഒരെത്തും പിടിയും കിട്ടുന്നില്ല. അദ്ദേഹം പ്രാർഥിച്ചു: നാഥാ, നീ കനിഞ്ഞരുളുന്ന, ഏതു ഔദാര്യത്തിനും അത്യാവശ്യക്കാരനാണ് ഞാനിപ്പോൾ. അത് എത്ര ചെറുതായാലും കൊള്ളാം, വലുതായാലും കൊള്ളാം. അത് ഭക്ഷണമോ അഭയസ്ഥാനമോ എന്തുമാകാം. എന്തും എനിക്ക് അനുപേക്ഷണീയമാകുന്നു; എന്റെ അവസ്ഥ എന്നേക്കാളേറെ അറിയാമല്ലോ നിനക്ക്. മൂസാ (അ) അപ്പോൾ അനുഭവിക്കുന്ന വേദനയും യാതനയും നിസ്സഹായതയും പൂർണമായി പ്രകാശിപ്പിക്കുന്ന നിസ്തുലമായ അർഥപുഷ്ടിയുള്ള വചനമാണ് رَبِّ إِنِّي لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ എന്ന കൊച്ചു വാക്യം.

ഈ സൂക്തങ്ങൾ ഇസ്‌ലാമിക സംസ്കാരത്തിലെ സുപ്രധാനമായ ചില മര്യാദകളുൾക്കൊള്ളുന്നതായി വിശദീകരിക്കപ്പെട്ടിരിക്കുന്നു: 1. പുൽമേടുകളിലും കാടുകളിലും മറ്റും അലയേണ്ടിവരുന്ന ഇടയവൃത്തി പോലുള്ള തൊഴിലുകൾ സ്ത്രീക്ക് ചേർന്നതല്ല. സ്ത്രീകളുടെ സാന്നിധ്യം അപ്രതീക്ഷിതമായ സാഹചര്യത്തിൽ അവരെ കണ്ടതുകൊണ്ടാണല്ലോ മൂസാ (അ) അവരെ ശ്രദ്ധിച്ചതും സേവിക്കാൻ പ്രേരിതനായതും. എന്നാൽ പുരുഷന്മാർ ചെയ്യേണ്ട തൊഴിൽ ഏറ്റെടുക്കാൻ പുരുഷന്മാർ ഇല്ലാത്ത സാഹചര്യത്തിൽ സ്ത്രീകൾക്ക് അതേറ്റെടുത്തു നിർവഹിക്കാം. لَا نَسْقِي حَتَّىٰ يُصْدِرَ الرِّعَاءُ എന്ന വാക്യം പുരുഷന്മാർക്കിടയിൽ തിരക്കി ചെന്ന് കാലികളെ വെള്ളം കുടിപ്പിക്കാൻ ഞങ്ങൾക്ക് കഴിവില്ല എന്ന ആശയത്തോടൊപ്പം അങ്ങനെ ചെയ്യുന്നത്, ഞങ്ങളുടെ മാന്യതക്ക് ചേർന്നതല്ല എന്ന ആശയവും ഉൾക്കൊള്ളുന്നു. وَأَبُونَا شَيْخٌ كَبِيرٌ എന്ന വാക്യം, സ്ത്രീകൾക്ക് ചേർന്നതല്ലാത്ത ഇടയവൃത്തിയിൽ തങ്ങൾ ഏർപ്പെടാനുണ്ടായ കാരണം വ്യക്തമാക്കുകയാണ്. 2. അന്യ പുരുഷന്മാരോടൊപ്പം ജോലി ചെയ്യേണ്ടിവരുന്ന വനിതകൾ മാന്യമായി വസ്ത്രം ധരിച്ച് ശരീരത്തിന്റെ മാദക ഭാഗങ്ങൾ മറയ്ക്കുകയും അന്യ പുരുഷന്മാരുമായി കൂടിക്കലരാതെ മാന്യമായ അകലം പാലിക്കുകയും വേണം. മാന്യമായ അകലത്തിന്റെ അളവും മാനദണ്ഡവും തൊഴിലിന്റെ സ്വഭാവവും സാഹചര്യവും പരിഗണിച്ചാണ് നിശ്ചയിക്കേണ്ടത്. അടക്കവും ഒതുക്കവുമില്ലാതെ പുരുഷന്മാർക്കിടയിൽ വിഹരിക്കുന്നത് അനാശാസ്യമാണ്. 3. സ്ത്രീജനങ്ങളെ ആദരിക്കുന്നതും അവർ വിഷമിക്കുന്നത് കണ്ടാൽ സഹായിക്കുന്നതും മാന്യന്മാരായ പുരുഷന്മാരുടെ കടമയാണ്. ക്ലേശിക്കുന്ന എല്ലാവരെയും സഹായിക്കേണ്ടത് സ്ത്രീപുരുഷഭേദമന്യേ എല്ലാ മാന്യജനങ്ങളുടെയും കടമയാണെങ്കിലും സഹായിക്കപ്പെടേണ്ടവർ സ്ത്രീകളാണെങ്കിൽ

അതിന് സവിശേഷമായ പ്രസക്തിയും പ്രാധാന്യവുമുണ്ട്. അത്തരം പരോപകാരങ്ങൾക്ക് പ്രതിഫലം തേടുന്നത് -സഹായകന് അതത്രെ അത്യാവശ്യമാണെങ്കിൽ പോലും - സുജനമര്യാദയല്ല. അതുകൊണ്ടാണ് മൂസാ (അ) താൻ സഹായിച്ച യുവതികളോട് എന്തെങ്കിലും പ്രത്യുപകാരമാവശ്യപ്പെടുകയോ തന്റെ ദയനീയാവസ്ഥ സൂചിപ്പിക്കുകയോ ചെയ്യാതിരുന്നത്. സഹായിക്കുന്നു എന്ന ഭാവേന സ്ത്രീകളോടടുത്തുകൂടി സല്ലപിച്ചു രസിക്കുന്നതും ചൂഷണം ചെയ്യാൻ ശ്രമിക്കുന്നതും ആശാസ്യമല്ല. അതാണ് തന്റെ സഹായദൗത്യം പൂർത്തിയാക്കിയ മൂസാ (അ) താൻ സഹായിച്ച യുവതികളോട് കൂടുതലൊന്നും സംസാരിക്കാൻ നിൽക്കാതെ പൂർവസ്ഥാനത്തേക്ക് തിരിച്ചുപോന്നതിന്റെ താൽപര്യം. ഈ മര്യാദകളെല്ലാം ഇസ്‌ലാമിക ശരീഅത്തിന്റെ പൊതുവായ പ്രമാണങ്ങളിൽനിന്ന് നിർധാരണം ചെയ്യപ്പെടാവുന്നതുതന്നെയാണെങ്കിലും വിശുദ്ധ ഖുർആൻ ഇവയൊന്നും എടുത്തുപറയുന്നില്ല. എന്നാൽ ഈ സൂക്തങ്ങൾ അത്തരം മര്യാദകൾ പാലിക്കപ്പെടേണ്ടത് നിർബന്ധമാണെന്നതിനുള്ള പ്രമാണമാണെന്ന് പൂർവസൂരികളിൽ ചിലർ സിദ്ധാന്തിച്ചിരിക്കുന്നതും ഇബ്‌റാഹീമി(അ)ന്റെ പിന്മുറക്കാരനായ മൂസാ (അ) സ്ത്രീജനങ്ങളോട് സ്വീകരിച്ച ഈ പെരുമാറ്റ രീതി ഇബ്‌റാഹീമീ ശരീഅത്തിന്റെ വിധിയനുസരിച്ചായിരിക്കണം. മുഹമ്മദീയ ശരീഅത്ത് കൈകാര്യം ചെയ്തിട്ടില്ലാത്ത കാര്യങ്ങളിൽ പൂർവ ശരീഅത്തുകൾ മുസ്‌ലിംകൾക്കും പ്രമാണമാകുന്നു. ഇതാണവരുടെ ന്യായം. ■

---

فَجَاءَتْهُ إِحْدَاهُمَا تَمْشِي عَلَى اسْتِحْيَاءٍ قَالَتْ إِنَّ أَبِي يَدْعُوكَ لِيَجْزِيَكَ أَجْرَ مَا سَقَيْتَ لَنَا ۚ فَلَمَّا جَاءَهُ وَقَصَّ عَلَيْهِ الْقَصَصَ قَالَ لَا تَخَفْ ۖ نَجَوْتَ مِنَ الْقَوْمِ الظَّالِمِينَ ﴿٢٥﴾

25. ഏറെ വൈകാതെ ആ പെൺകുട്ടികളിലൊരുവൾ അദ്ദേഹത്തിന്റെ അടുത്തേക്ക് ലജ്ജാവതിയായി നടന്നുവന്നിട്ട് അറിയിച്ചു: എന്റെ പിതാവ് അങ്ങയെ വിളിക്കുന്നു; അങ്ങ് ഞങ്ങളുടെ കാലികൾക്ക് വെള്ളം കൊടുത്തതിന് പ്രതിഫലം സമ്മാനിക്കാൻ. മൂസാ അദ്ദേഹത്തിന്റെ അടുത്തുചെന്ന് കഥകളെല്ലാം വിവരിച്ചപ്പോൾ അദ്ദേഹം ആശ്വസിപ്പിച്ചു: ഇനി ഭയപ്പെടേണ്ട. ഇപ്പോൾ താൻ മർദക ജനത്തിൽനിന്നും രക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

**25**

فَجَاءَتْهُ= അപ്പോൾ (ഏറെ വൈകാതെ) അദ്ദേഹത്തിന്റെ അടുത്തു വന്നു إِحْدَاهُمَا= (ആ) രണ്ടു സ്ത്രീകളിൽ ഒരുവൾ

تَمْشِي عَلَى اسْتِحْيَاءٍ= ലജ്ജയിന്മേൽ അവൾ നടക്കുന്നു (ലജ്ജാവതിയായി നടന്നിട്ട്) قَالَتْ= അവൾ പറഞ്ഞു (അറിയിച്ചു)

إِنَّ أَبِي يَدْعُوكَ= എന്റെ പിതാവ് നിന്നെ (അങ്ങയെ) വിളിക്കുന്നു لِيَجْزِيَكَ= അങ്ങേക്ക് സമ്മാനിക്കാൻ

أَجْرَ مَا سَقَيْتَ لَنَا= ഞങ്ങൾക്കുവേണ്ടി കുടിപ്പിച്ചതിന്റെ പ്രതിഫലം (ഞങ്ങളുടെ കാലികൾക്ക് വെള്ളം കൊടുത്തതിനു പ്രതിഫലം)

فَلَمَّا جَاءَهُ = അവൻ (മൂസാ) അദ്ദേഹത്തിനടുത്തു ചെന്നപ്പോൾ

وَقَصَّ عَلَيْهِ الْقَصَصَ = കഥകൾ (എല്ലാം വിവരിച്ചപ്പോൾ) പറയുകയും ചെയ്തപ്പോൾ

قَالَ= അദ്ദേഹം പറഞ്ഞു (ആശ്വസിപ്പിച്ചു) لَا تَخَفْ= (ഇനി താൻ) നീ ഭയപ്പെടേണ്ട

نَجَوْتَ= താൻ രക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു مِنَ الْقَوْمِ الظَّالِمِينَ = മർദക ജനത്തിൽനിന്ന്

പതിവിനു വിപരീതമായി നേരത്തേ കാലികളുമായി വീട്ടിലെത്തിയ പെൺമക്കളോട് അവരുടെ പിതാവ് അതിന്റെ കാരണമന്വേഷിച്ചു. തങ്ങളെ ഒരു മിസ്രയീമ്യൻ സഹായിച്ചുവെന്നും മറ്റു ഇടയന്മാർ കാലികളുമായി തിരിച്ചുപോകും മുമ്പേ അയാൾ തങ്ങളുടെ കാലികൾക്ക് വെള്ളം കൊടുത്തതുകൊണ്ടാണ് നേരത്തേ എത്തിയതെന്നും അവർ അറിയിച്ചു. പിതാവ് പറഞ്ഞു: അപ്പോൾ ആ നല്ല മനുഷ്യൻ ഒരു പരദേശിയാണ്. നിങ്ങൾ അയാളെ വീട്ടിലേക്ക് ക്ഷണിച്ചു ഭക്ഷണം കൊടുക്കേണ്ടതാണ്. വേഗം പോയി അയാളെ വിളിച്ചുകൊണ്ടുവരിക. ഈ യുവതികളുടെ പേര് 'ലയ്യ' എന്നും 'സ്വഫൂറ' (സിപ്പോറ) എന്നുമായിരുന്നു. ഇതുകേട്ട് സ്വഫൂറ മൂസാ (അ) ഇരുന്നിടത്തേക്ക് ലജ്ജാവതിയായി നടന്നുചെന്നിട്ട് അറിയിച്ചു: അങ്ങയെ എന്റെ പിതാവ് വിളിക്കുന്നുണ്ട്; ഞങ്ങ

ളുടെ കാലികൾക്ക് വെള്ളം കൊടുത്തതിന് പ്രതിഫലം സമ്മാനിക്കാൻ. لِيَجْزِيَكَ أَجْرَ مَا سَقَيْتَ എന്നാണ് മൂല വാക്യം. جزاء-ഉം أَجْر-ഉം സാമാന്യാർഥത്തിൽ ഒന്നു തന്നെയാണ്. സൂക്ഷ്മാർഥത്തിൽ നേരിയ വ്യത്യാസമുണ്ട്. നല്ലതോ ചീത്തയോ ആയ ഒരു കർമത്തിന്റെ തുല്യമായ പ്രതിഫലമാണ് جزاء. അത് സമ്മാനമാകാം, ശിക്ഷയുമാകാം. ഒരു കർമത്തിന്റെ ഗുണഭോക്താവ് അതിന്റെ കർത്താവിനു നൽകുന്ന പകരമാണ് اجر. സമ്മാനവും ആദരവും നന്ദിയും ശിക്ഷയുമൊക്കെ جزاء ആകുമ്പോൾ اجارة പരസ്പരം നടത്തുന്ന ഇടപാടാണ്. താങ്കൾ ഞങ്ങളുടെ കാലികൾക്ക് വെള്ളം കൊടുത്തതിന് പ്രത്യുപകാരം ചെയ്ത് ആദരിക്കാൻ എന്നാണ് لِيَجْزِيَكَ أَجْرَ مَا سَقَيْتَ -യുടെ താൽപര്യം.

എവിടെ നിന്നെങ്കിലും എന്തെങ്കിലുമൊരു സഹായത്തിനു വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുകയായിരുന്ന മൂസാ (അ) പെൺകുട്ടിയുടെ ക്ഷണം സ്വീകരിച്ച് അവളോടൊപ്പം ചെന്നു. അദ്ദേഹം വിശന്നു വലഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കിയ ഗൃഹനാഥൻ ഉടനെ ഭക്ഷണം വിളമ്പിയെങ്കിലും അത് കഴിക്കാൻ ആദ്യം മൂസാ (അ) മടിച്ചു. ചെറിയ പരോപകാരങ്ങൾക്ക് പ്രതിഫലം പറ്റുക ഞങ്ങളുടെ ദീനീ സംസ്കാരത്തിൽ ഭൂഷണമല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതിഥികൾക്ക് അന്നം നൽകുക ഞങ്ങളുടെ എബ്രായ പാരമ്പര്യത്തിന്റെ ഭാഗമാണെന്നായിരുന്നു ഗൃഹനാഥന്റെ മറുപടി. അങ്ങനെ അദ്ദേഹം ഭക്ഷണം കഴിച്ചു. തുടർന്ന് തന്റെ കഴിഞ്ഞകാല കഥകളെല്ലാം ഗൃഹനാഥനെ കേൾപ്പിച്ചു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ഗൃഹനാഥൻ ആശ്വസിപ്പിച്ചു: ശരി, ഇനി താങ്കൾ ഒട്ടും ഭയപ്പെടേണ്ടതില്ല. മർദകരുടെ പിടിയിൽനിന്ന് താങ്കൾ പൂർണമായും രക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഞാൻ താങ്കൾക്ക് അഭയം നൽകിയിരിക്കുന്നു എന്നാണിപ്പറഞ്ഞതിനർഥം.

ആ പെൺകുട്ടികളുടെ പിതാവായ ഈ ഗൃഹനാഥന്റെ പേര് 'യിത്രോ' എന്നും 'റഅ്വേൽ' എന്നും രണ്ടുവിധമാണ് ബൈബിൾ പരാമർശിക്കുന്നത്. ചില ഖുർആൻ വ്യാഖ്യാതാക്കൾ ഇദ്ദേഹം ശുഐബ് നബിയാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ പേര് ശുഐബ് എന്നുതന്നെയായിരുന്നുവെങ്കിലും ശുഐബ് നബി ഇദ്ദേഹമായിരുന്നില്ല എന്നാണ് ചിലരുടെ വീക്ഷണം. ബൈബിൾ ഇദ്ദേഹത്തെ പുരോഹിതൻ (كاهن) എന്നു വിശേഷിപ്പിക്കുന്നുണ്ട്. പ്രവാചകന്മാരും പുരോഹിതൻ എന്നു വിളിക്കപ്പെടാറുള്ളതിനാൽ അദ്ദേഹം പ്രവാചകൻ തന്നെ ആയിരിക്കാം എന്ന് ചിലർ അനുമാനിക്കുന്നു. ഇദ്ദേഹം ശുഐബ് നബിയുടെ പിതൃവ്യ പുത്രനാണെന്നും പ്രസ്താവമുണ്ട്. ഖുർആൻ പരാമർശിക്കുന്ന ശുഐബ് നബി ഇദ്ദേഹമായിരിക്കാൻ സാധ്യത വിരളമാകുന്നു. കാരണം തന്റെ പ്രവാചകത്വത്തെക്കുറിച്ചോ പ്രബോധനത്തെക്കുറിച്ചോ ഒന്നും അദ്ദേഹം മൂസാ നബിയോട് സംസാരിക്കുന്നില്ല. ശുഐബ് നബിയുടെ ജനത അനാചാരങ്ങളിലും അധർമങ്ങളിലും ആണ്ടുനിന്ന് പ്രവാചകനെ നിഷേധിച്ചതിനാൽ നശിപ്പിക്കപ്പെടുകയായിരുന്നുവല്ലോ. സ്വജനത്തിന്റെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സംബന്ധിച്ചും ഇദ്ദേഹം മൂസാ(അ)യോട് ഒന്നും പറയുന്നില്ല. അതിനാൽ, വഴിപിഴച്ചുകൊണ്ടിരുന്ന മിദ്യാനി സമൂഹത്തിൽ ഇബ്റാഹീമീ പാരമ്പര്യം കൈവിടാതെ പുലർത്തിപ്പോന്ന അപൂർവം ചിലരിലൊരാളായിരുന്നു ഇദ്ദേഹം എന്ന് വിചാരിക്കുന്നതാണ് കൂടുതൽ യുക്തിസഹം.

മിദ്യാനികളുടെ പുരോഹിതൻ എന്ന നിലയിൽ ഇദ്ദേഹത്തിന് ഫറവോനുമായി സമ്പർക്കമുണ്ടായിരുന്നുവെന്നും ഇടക്കിടെ ഫറവോനെ സന്ദർശിക്കാറുണ്ടായിരുന്നുവെന്നും ഫറവോൻ അദ്ദേഹത്തെ ആദരിച്ചിരുന്നുവെന്നുമൊക്കെ കഥകളുണ്ട്. ഫറവോൻ ഇസ്രാഈലീ ആൺസന്തതികളെ കൊന്നുകളയാൻ തീരുമാനിച്ചപ്പോൾ ഇദ്ദേഹം അതിനെ എതിർത്തു. അത് ഫറവോൻ ഇദ്ദേഹത്തോട് നീരസപ്പെടാൻ കാരണമായി. അങ്ങനെയാണത്രെ ഇദ്ദേഹവും ഫറവോനും തമ്മിലുള്ള ബന്ധം മുറിഞ്ഞത്. ഇതിനൊന്നും ചരിത്രത്തിന്റെയോ വേദവചനങ്ങളുടെയോ സാക്ഷ്യങ്ങളില്ല.

മുൻ സൂക്തങ്ങളെന്ന പോലെ ഈ സൂക്തവും ചില പെരുമാറ്റ മര്യാദകൾ സൂചിപ്പിക്കുന്നുണ്ട്. മുൻ സൂക്തത്തിൽ സ്ത്രീകൾ പുരുഷന്മാരിൽനിന്ന് മാന്യമായ അകലം പാലിക്കുന്നതിനെ കുറിക്കാൻ مِن دُونِهِمُ എന്നുപയോഗിച്ചതുപോലെയാണ് ഇവിടെ تَمْشِي عَلَى اسْتِحْيَاءٍ എന്നു പറഞ്ഞിരിക്കുന്നു. അതായത് ആ യുവതി മൂസാ(അ)യുടെ അടുത്തേക്ക് തുള്ളിച്ചാടി വന്ന് കൊഞ്ചിക്കുഴഞ്ഞു സംസാരിക്കുകയായിരുന്നില്ല. അടങ്ങിയൊതുങ്ങി നാണത്തോടെ നടന്നുവന്നു സംസാരിക്കുകയായിരുന്നു. നേരത്തേ ആൺകൂട്ടത്തിൽനിന്ന് അകന്നുമാറി നിൽക്കാനും ഇപ്പോൾ പുരുഷന്റെ മുന്നിലേക്ക് ലജ്ജാവതിയായി വരാനും പ്രേരിപ്പിച്ച വികാരം ഒന്നുതന്നെയാണ്; ഉന്നതമായ സദാചാരബോധം. ആ പെൺകുട്ടി മുഖം പോലും മറച്ചുകൊണ്ടാണ് വന്നതെന്ന് ഉമർ(റ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഉയർന്ന സദാചാരബോധവും ലജ്ജാശീലവും അന്യപുരുഷന്മാർക്ക് മുന്നിൽ മുഖം മറയ്ക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കുക എന്ന അടിസ്ഥാനത്തിലാവാം ഈ നിരീക്ഷണം. സത്യവിശ്വാസിനികൾ വീടിനു പുറത്തിറങ്ങുമ്പോൾ പാലിക്കേണ്ട മര്യാദകൾ നേരത്തേ സൂറ അന്നൂർ 31-ാം സൂക്തത്തിൽ പ്രസ്താവിച്ചിരിക്കുന്നു. വിശദീകരണത്തിന് ഖുർആൻ ബോധനം പ്രസ്തുത സൂക്തത്തിനു താഴെ നോക്കുക.

■